# കൊപ്ര താങ്ങുവില: കേന്ദ്ര പ്രഖ്യാപനം പ്രഹസനമായി

ഷഫീഖ് അമരാവതി

കൊച്ചി: കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വില സംരക്ഷിക്കാനുള്ള കേന്ദ്രസർക്കാരിന്റെ കൊപ്ര താങ്ങുവില പ്രഖ്യാപനം പ്രഹസനമായി. വിപണിവില താങ്ങുവിലയേക്കാൾ താഴ്ന്നിട്ടും സംഭരണം നടത്താതെ സർക്കാർ വൻകിടക്കാർക്ക് ചൂഷണത്തിന് വഴിയൊരുക്കുകയാണ്.



കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വിലത്തകർച്ച തടയുന്നതിന് മിൽകൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയും ഉണ്ടക്കൊപ്രയ്ക്ക് 5350 രൂപയുമാണ് ജനുവരി നാലിന് താങ്ങുവില പുതുക്കി നിശ്ചയിച്ചത്. നിലവിൽ മിൽകൊപ്രയ്ക്ക് പൊതുവിപണിയിൽ ക്വിന്റലിന് 4900 രൂപയാണ് വില. കഴിഞ്ഞ ബുധനാഴ്ചമുതലാണ് താങ്ങുവിലയിലും താഴെ വിപണി വിലയെത്തിയത്.

ഈ ഘട്ടത്തിൽ ഉടൻ സംഭരണം ആരംഭിച്ച് വില സംരക്ഷിക്കേണ്ട കേന്ദ്ര-സംഭരണ ഏജൻസിയായ നാഫെഡും ഒത്തുകളിക്കുകയാണ്. താങ്ങുവില നിശ്ചയിച്ചെങ്കിലും സംഭരണ ഉത്തരവ് ലഭിച്ചിട്ടില്ലെന്നാണ് കൊച്ചിയിലെ നാഫെഡ് അധികൃതരുടെ പക്ഷം. ഉത്തരവ് എത്തിയാലും സംസ്ഥാനസർക്കാർ നോഡൽ ഏജൻസിയെ തീരുമാനിക്കണം. ഈ സാഹചര്യത്തിൽ വരുംദിവസങ്ങളിൽ കൊപ്രയ്ക്കും വെളിച്ചെണ്ണയ്ക്കും വീണ്ടും വില ഇടിഞ്ഞേക്കും.

സംസ്ഥാനത്തെ മൂന്നോ നാലോ വൻകിട വെളിച്ചെണ്ണ ഉൽപ്പാദക കമ്പനികളാണ് ഇപ്പോൾ കേരളത്തിലെ വിപണിവില നിർണയിക്കുന്നത്. ഇവർക്ക് പരമാവധി മുതലെടുപ്പിനുള്ള അവസരമാണ് സർക്കാർ ഒരുക്കുന്നത്. സംഭരണം ആരംഭിച്ചാൽ സ്വാഭാവികമായും വിപണിവില ഉയരും. സീസൺ ആരംഭിച്ചവേളയിൽ പരമാവധി കുറഞ്ഞ വിലയ്ക്ക് കൂടുതൽ കൊപ്ര കയ്യടക്കാനുള്ള നീക്കമാണ് സ്വകാര്യ കമ്പനികൾ നടത്തുന്നത്. കർഷകരിൽ ആശങ്ക നിറച്ച് ദിനവും വില ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്.

അതേസമയം നാഫെഡ് സംഭരണം ആരംഭിച്ചാലും നിലവിലുള്ള വ്യവസ്ഥകൾ ഇടനിലക്കാരുടെ ചൂഷണത്തിന് വഴിയൊരുക്കുമെന്നും ആക്ഷേപമുണ്ട്. കൃഷിവകുപ്പിന്റെ സാക്ഷ്യപത്രമുള്ള കേരകർഷകരുടെ കൊപ്രയേ സംഭരിക്കൂ എന്ന നാഫെഡ് വ്യവസ്ഥയും വിനയാകുകയാണ്. സർക്കാരിന്റെ സാക്ഷ്യപത്രം നേടുകയെന്നത് ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം പ്രയാസമാണ്. ഈ സാഹചര്യത്തിൽ കിട്ടുന്ന വിലയ്ക്ക് ഇടനിലക്കാരന് കൈമാറാൻ ഇവർ നിർബന്ധിതരാകും. ഇത് തടയാൻ പൊതുവിപണിയിൽനിന്ന് നേരിട്ട് സംഭരണം നടത്തണമെന്ന് കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് തലത്ത് മുഹമ്മദ് പറഞ്ഞു.

വെളിച്ചെണ്ണയ്ക്ക് ക്വിന്റലിന് 7100 രൂപയാണ് വില. കഴിഞ്ഞ ഓണക്കാലത്ത് 10,000 രൂപയിലേറെ ഉയർന്നിരുന്നു. തമിഴ്നാട്ടിലാകട്ടെ 6875 രൂപയായാണ് വില. അവിടെയും കേരളത്തിന്റെ വടക്കൻ ജില്ലകളിലും തേങ്ങയുടെ ഉൽപ്പാദനവും ഏറിയിട്ടുണ്ട്. ഇത് കൊപ്രയുടെ വരവ് വർധിപ്പിക്കുകയും ഇനിയും വില കുറയ്ക്കാനുമിടയാക്കും.